പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ - ഡോ. ദിവ്യ എസ് അയ്യർ ഐ.എ.എസ്)

**Proceedings No:** DCPTA/3182/2021-DM2 തീയതി : 07/10/2021

വിഷയം :- ജില്ലാ ഭരണകൂടം, പത്തനംതിട്ട - ശബരിമല തീർത്ഥാടനം 2021-2022 - തീർത്ഥാടന കാലയളവിൽ ജില്ലയിലെ എല്ലാ ഭക്ഷണശാലകളിലും ജില്ലാ കളക്ടർ പ്രസിദ്ധപ്പെട്ടുത്തുന്ന വിലവിവരപട്ടിക തീർത്ഥാടകർക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കുന്നത് കർശനമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന :- 1. പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ 28.09.2021 ലെ ജി1-44498/2021/എൻ നമ്പർ റിപ്പോർട്ട്.

കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് 2021-2022 കാലയളവിലെ ശബരിമല തീർത്ഥാടനം നടപ്പാക്കുന്നതിൽ, തീർത്ഥാടന കാലയളവിൽ കച്ചവടക്കാർ അമിതവില ഈടാക്കി ഭക്തരെ ചൂഷണം ചെയ്യുവാൻ സാധ്യതയുള്ളതിനാൽ വിലവിവരപട്ടിക തീർത്ഥാടകർക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കാത്ത കടകളുടെ പ്രവർത്തനം നിരോധിക്കണമെന്ന് പരാമർശം (1) പ്രകാരം പത്തനംതിട്ട ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത സാഹചര്യത്തിൽ കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് 2021-2022 കാലയളവിലെ ശബരിമല തീർത്ഥാടനം നടപ്പാക്കുന്നതിൽ, തീർത്ഥാടന കാലയളവിൽ ജില്ലയിലെ എല്ലാ ഭക്ഷണശാലകളിലും ജില്ലാ കളക്ടർ പ്രസിദ്ധപ്പെടുത്തുന്ന വിലവിവരപട്ടിക (വിവിധ ഭാഷകളിലുള്ളത്) തീർത്ഥാടകർക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കുന്നത് കർശനമാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ ഉത്തരവ് പത്തനംതിട്ട ജില്ലാ സപ്ലൈ ആഫീസർ നടപ്പിലാക്കേണ്ടതാണ്.

ജില്ലാ കളക്ടർ

പകർപ്പ് -

1. കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം
2. ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട
3. ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, റാന്നി
4. ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്വ് (വെസ്റ്റ് ഡിവിഷൻ), പീരുമേട്
5. റവന്യൂ ഡിവിഷണൽ ആഫീസർ, തിരുവല്ല/ അടൂർ
6. തഹസിൽദാർ, റാന്നി/ തിരുവല്ല/ കോന്നി/ മല്ലപ്പള്ളി/ അടൂർ/ കോഴഞ്ചേരി
7. ജില്ലാ സപ്ലൈ ആഫീസർ, പത്തനംതിട്ട
8. ജില്ലാ ഇൻഫർമേഷൻ ആഫീസർ, പത്തനംതിട്ട
9 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
10. സെക്രട്ടറി, പന്തളം നഗരസഭ/ പത്തനംതിട്ട നഗരസഭ/ അടൂർ നഗരസഭ/ തിരുവല്ല നഗരസഭ
11. എക്സിക്യൂട്ടീവ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, ശബരിമല
12. കരുതൽ ഫയൽ/ അധിക പകർപ്പ്/ ആഫീസ് പകർപ്പ് (ഡി.എം2)

This is an E-Office Document, does not require Signature in ink.

Digitally signed by DR.DIVY/
S IYER IAS
Date:Thu Oct 07 19:16:48 IST
2021
Reason: Approved